# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6155

09/07/2013 - ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി പൂർത്തീകരിച്ച പ്രവൃത്തികളുടെയും പുതുതായി ആരംഭിച്ച പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈപ്പിൻ മണ്ഡലത്തിൽ മത്സ്യവകുപ്പ് നടപ്പിലാക്കി പൂർണ്ണമായും പൂർത്തീകരിച്ച പ്രവർത്തികൾ ഇല്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റശേഷം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ഉൾക്കൊള്ളിക്കുന്നു.

1) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി 2012-13
   ആകെ അനുവദിച്ച വീടുകൾ - 39 എണ്ണം
   അനുവദിച്ച് നൽകിയിട്ടുള്ളത് - 34 എണ്ണം
2) 13-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച വീടുകൾ
   ആകെ അനുവദിച്ച വീടുകൾ - 173 എണ്ണം

   ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചു എഗ്രിമെന്റ് വച്ച് ഒന്നാം ഗഡു ധനസഹായം നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.
3) 13-ാം ധനകാര്യകമ്മീഷൻ ശുപാർശ ലഭിച്ച ടോയ്‌ലറ്റ് പദ്ധതി
   ആകെ അനുവദിച്ചത് - 65 എണ്ണം
   അനുവദിച്ച് നൽകിയിട്ടുള്ളത് - 53 എണ്ണം

ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി വൈപ്പിൻ മണ്ഡലത്തിൽ 29 പ്രവർത്തികൾ പൂർത്തീകരിക്കുകയും 8 പ്രവർത്തികൾ പുതുതായി ആരംഭിക്കുകയും

ചെയ്തിട്ടുണ്ട്. പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സംയോജിത മത്സ്യ ഗ്രാമ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും 20 പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | തീരദേശ വികസന കോർപ്പറേഷൻ വഴി വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ പള്ളിപ്പുറം മത്സ്യഗ്രാമത്തിൽ 193.50 ലക്ഷം രൂപയുടെ കുടിവെള്ള വിതരണം, വൈദ്യുതീകരണം പബ്ലിക് ടോയ്‌ലറ്റ്, ലൈബ്രറി സപ്പോർട്ട്, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി കഴിഞ്ഞു. ഇതിൽ വൈദ്യുതീകരണത്തിനായി 66.92 ലക്ഷം രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കൈമാറികഴിഞ്ഞു.<br>ഇതുകൂടാതെ ഈ സാമ്പത്തിക വർഷത്തിലും ഇടവനക്കാട് മത്സ്യ ഗ്രാമത്തിൽ 206.00 ലക്ഷം രൂപയുടെ കുടിവെള്ള വിതരണം, വൈദ്യുതീകരണം, പബ്ലിക് ടോയ്‌ലറ്റ്, ലൈബ്രറി സപ്പോർട്ട്, എന്നീ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചുകഴിഞ്ഞു. പദ്ധതിനിർവ്വഹണത്തിനായുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.<br>റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി, ആരോഗ്യ സ്ഥാപനങ്ങളുടെ നവീകരണം, ഫിഷറീസ് റോഡ് നവീകരണം എന്നീ പദ്ധതികൾക്കായി 14.62 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം. 1

(എ1) **പൂർത്തീകരിച്ച പ്രവർത്തികൾ**

| | |
|---|---|
| 1 | സെന്റ് ഫ്രാൻസീസ് റോഡ്, ഞാറയ്ക്കൽ |
| 2 | രാജീവ്ജി റോഡ്, ഞാറയ്ക്കൽ |
| 3 | എം.പി.ഇ.ഡി.എ പടിഞ്ഞാറേചിറ- മുളവുകാട് |
| 4 | ജൂഡനഡപ്പുറോഡ്, മുളവുകാട് |
| 5 | മുക്കംജെട്ടിറോഡ്, മുളവുകാട് |
| 6 | തുരുത്ത്റോഡ്, ഞാറയ്ക്കൽ |
| 7 | പണിക്കരുപ്പടി കോൺക്രീറ്റ് റോഡ് |
| 8 | മൂലംപിള്ളി സൗത്ത് മെയിൻ റോഡ്, കടമക്കുടി |
| 9 | പെരുമാൾപ്പടി ഫിഷർമെൻ കോളനി റോഡ്, ഇലംകുന്നപ്പുഴ |
| 10 | നെടുങ്ങാട് ഖേത്രൻ റോഡ്, നായരമ്പലം |
| 11 | ചേരാൽ അരയത്തിക്കടവ് റോഡ്, പള്ളിപ്പുറം |
| 12 | ചെന്നൂർ ലെയ്ൻ റോഡ്, പള്ളിപ്പുറം |
| 13 | ലിബിൻസാമിൽ റോഡ്, പള്ളിപ്പുറം |
| 14 | ഡിസ്പെൻസറി ഈസ്റ്റ് റോഡ്, പള്ളിപ്പുറം |
| 15 | പയ്നാട്ടു പറമ്പു റോഡ്, ഇടവനക്കാട് |
| 16 | പുലയാസ് കോളനി ഈസ്റ്റ് റോഡ്, ഞാറയ്ക്കൽ |
| 17 | കോരംപ്പാടം -കപ്പേല റോഡ്, കടമക്കുടി |
| 18 | ചെറാൽ കടപ്പുറം- പാലം അപ്രോച്ച് റോഡ്, പള്ളിപ്പുറം |
| 19 | പള്ളിപ്പുറം-മുനമ്പം പാലത്തിന്റെ അറ്റകുറ്റപ്പണി |
| 20 | ജാൻസിറാണി റോഡ്- മഹിളാസമാജം റോഡ്, പള്ളിപ്പുറം |
| 21 | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ഇന്ദിരാജി റോഡ് മുതൽ വലിയകടമക്കുടിയിലെ നോർത്ത് ജെട്ടി വരെയുള്ള റോഡ് |
| 22 | മഹാത്മാഗാന്ധി റോഡ്, പള്ളിപ്പുറം |
| 23 | ശ്രീവരാഹം റോഡ്, പള്ളിപ്പുറം |
| 24 | ജനത റോഡ്, കുഴുപ്പിള്ളി |
| 25 | വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ കെ.കെ. കൊച്ചുകൃഷ്ണൻ റോഡ് |
| 26 | കടമക്കുടി വാർഡ് -9-ലെ മൂലംപിള്ളി മെയിൻ റോഡ് |
| 27 | കടമക്കുടി വാർഡ് -6-ലെ കോതാട് സ്കൂൾ റോഡ് |
| 28 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡ് |
| 29 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ലക്ഷംവീട് കോളനി റോഡ് |

## (എ2) പുതുതായി ആരംഭിച്ച പ്രവർത്തികൾ

| | |
|---|---|
| 1 | എൻ.എഫ്.ഡി.ബി -മുനമ്പം ഫിഷറി ഹാർബറിന്റെ നവീകരണം |
| 2 | 50% സി.എസ്.എസ്- മുനമ്പം ഫിഷറി ഹാർബറിന്റെ അപ്രോച്ച് ചാനൽ , ഹാർബർ ബേസിൻ ഡ്രെഡ്ജിംഗ്. |
| 3 | ജനതറോഡ്-ലക്ഷം വീട് റോഡ്, പള്ളിപ്പുറം |
| 4 | തറവട്ടം-കായലോരം റോഡ്- കുഴുപ്പിള്ളി |
| 5 | എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ്-7-ലെ കോലാട്ടുത്തറ-പള്ളിയാത്തുകുളം റോഡിന്റെ രൂപീകരണം |
| 6 | എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ്-15-ലെ മിച്ചഭൂമി കോളനി റോഡിന്റെ രൂപീകരണം. |
| 7 | നായരമ്പലം ഗ്രാമപഞ്ചായത്തിലെ വാർഡ് നം-1-ലെ തയ്യേഴത്തുജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടുള്ള റോഡിന്റെ രൂപീകരണം |
| 8 | മുളവുകാട് നോർത്ത് ബോട്ട് ജെട്ടി ടവർലൈ റോഡ് |

## (ബി) ഭരണാനുമതി ലഭിച്ച പ്രവർത്തികൾ

| | |
|---|---|
| 1 | എൻ.എഫ്.ഡി.ബി -മുനമ്പം ഫിഷറി ഹാർബറിന്റെ നവീകരണം |
| 2 | അപ്രോച്ച് ചാനലിന്റെയും ഹാർബർ ബേസിന്റേയും ഡ്രെഡ്ജിംഗ് |
| 3 | ജാൻസിറാണി റോഡ്- മഹിളാസമാജം റോഡ്, പള്ളിപ്പുറം |
| 4 | ജനതറോഡ്-ലക്ഷം വീട് റോഡ്, പള്ളിപ്പുറം |
| 5 | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ഇന്ദിരാജി റോഡ് മുതൽ വലിയകടമക്കുടിയിലെ നോർത്ത് ജെട്ടി വരെയുള്ള റോഡ് |
| 6 | തറവട്ടം-കായലോരം റോഡ്- കുഴുപ്പിള്ളി |
| 7 | മഹാത്മാഗാന്ധി റോഡ്, പള്ളിപ്പുറം |
| 8 | ശ്രീവരാഹം റോഡ്, പള്ളിപ്പുറം |
| 9 | ജനത റോഡ്, കുഴുപ്പിള്ളി |
| 10 | എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ്-7-ലെ കോലാട്ടുത്തറ-പള്ളിയാത്തുകുളം റോഡിന്റെ രൂപീകരണം |
| 11 | എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ്-15-ലെ മിച്ചഭൂമി കോളനി റോഡിന്റെ രൂപീകരണം. |
| 12 | നായരമ്പലം ഗ്രാമപഞ്ചായത്തിലെ വാർഡ് നം-1-ലെ തയ്യേഴത്തുജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടുള്ള റോഡിന്റെ രൂപീകരണം |
| 13 | വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ കെ.കെ. കൊച്ചുകൃഷ്ണൻ റോഡ് |
| 14 | കടമക്കുടി വാർഡ്-9-ലെ മൂലംപിള്ളി മെയിൻ റോഡ് |
| 15 | കടമക്കുടി വാർഡ് -6-ലെ കോതാട് സ്കൂൾ റോഡ് |
| 16 | മുളവുകാട് നോർത്ത് ബോട്ട് ജെട്ടി ടവർലൈ റോഡ് |
| 17 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡ് |
| 18 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ലക്ഷംവീട് കോളനി റോഡ് |
| 19 | മോസ്ക് ലൈൻ റോഡ്- പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് |
| 20 | പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചേരാൻ -ബോട്ടജെട്ടി റോഡ് |

സെക്ഷൻ ഓഫീസർ